പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4482

04/02/2014 ൽ മറുപടിയ്ക്ക്

## ചാലക്കുടി മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിലെ വിവിധങ്ങളായ പട്ടയ അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) ചാലക്കുടി മണ്ഡലത്തിലെ റവന്യൂ തരിശ് പുറമ്പോക്ക് നിവാസികൾ സമർപ്പിച്ച അപേക്ഷയിൽ അതാത് വില്ലേജ് ഓഫീസർ വഴി അന്വേഷണം നടത്തി അർഹരായവർക്ക് 15 സെന്റ് വരെ വീട് വച്ച് താമസിക്കുന്നതിനുള്ള പതിവ് നടപടികൾ സ്വീകരിച്ച് വരുന്നു. മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പുറമ്പോക്ക് നിവാസികളുടെ അപേക്ഷ ലഭിക്കുമ്പോൾ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭിച്ചശേഷം, പ്രസ്തുത വകുപ്പിന് തടസ്സമില്ലെങ്കിൽ ഭൂമി റവന്യൂ വകുപ്പിൽ ഡീവെസ്റ്റ് ചെയ്യുന്ന മുറയ്ക്ക് പട്ടയം അനുവദിച്ച് വരുന്നു. |
| ബി) സംയുക്ത പരിശോധന കഴിഞ്ഞ പുളിയിലപ്പാറയിലേയും മറ്റു വിവിധങ്ങളായ പുറമ്പോക്ക നിവാസികൾക്കും പട്ടയം നൽകുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) സംയുക്ത പരിശോധന കഴിഞ്ഞ് പുളിയിലപ്പാറയിലെ നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിന് കെ.എസ്.ഇ.ബി നാളിതുവരെ സംയുക്ത പരിശോധന റിപ്പോർട്ടിൽ ഒപ്പുവച്ചിട്ടില്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |

Kajeem

സെക്ഷൻ ഓഫീസർ